# ലാന്റ് റവന്യു ജോയിന്റ് കമ്മീഷണറുടെ നടപടിക്രമം

*(പബ്ലിക് ഓഫീസ് കോമ്പൗണ്ട്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-33)*

(ഹാജർ: ബി. മോഹനൻ ഐ.എ.എസ്.)

എൽ.ആർ.(എൻ)1-555/2015(1) തീയതി: 13.02.2015

വിഷയം: റവന്യു വകുപ്പ്-ഹയർ സർവെ പരിശീലനം-തിരുവനന്തപുരം/കോഴിക്കോട് കേന്ദ്രങ്ങൾ റീലിംഗ്വിഷ്മെന്റ് നടത്തിയവർ/ വിടുതൽ ചെയ്യാത്തവർ - പരിശീലനത്തിൽ നിന്നൊഴിവാക്കി ഉത്തരവാകുന്നത് - സംബന്ധിച്ച്:

സൂചന:

1. ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ നടപടിക്രമം, തീയതി: 17.01.2015, 30.01.2015
2. കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 873/A/2015/സം.തി.ക., തീയതി: 03.02.2015.
3. കൊല്ലം ജില്ലാകളക്ടറുടെ ഇ3-4327/2015 നമ്പർ കത്ത്. തീയതി: 28.01.2015
4. പത്തനംതിട്ട ജില്ലാകളക്ടറുടെ എസ്2-16/2015 നമ്പർ കത്ത്, തീയതി: 24.01.2015, 23.01.2015
5. ആലപ്പുഴ ജില്ലാകളക്ടറുടെ എ1-200/2015 നമ്പർ കത്ത്, തീയതി: 24.01.2015, 27.01.2015, 28.01.2015, 02.02.2015, 06.02.2015
6. കോട്ടയം ജില്ലാകളക്ടറുടെ എ2-101/2015 നമ്പർ കത്ത്. തീയതി: 24.01.2015.
7. എറണാകുളം ജില്ലാകളക്ടറുടെ ഇ1-07/15 നമ്പർ കത്ത്. തീയതി: 29.01.2015.
8. തൃശൂർ ജില്ലാകളക്ടറുടെ എ1-24727/2014 നമ്പർ കത്ത്. തീയതി: 23.01.2015, 28.01.2015, 03.02.2015, 05.02.2015, 06.02.2015
9. പാലക്കാട് ജില്ലാകളക്ടറുടെ എസ്3-2015/79/ നമ്പർ കത്ത്. തീയതി: 21.01.2015, 30.01.2015.
10. കണ്ണൂർ ജില്ലാകളക്ടറുടെ എ1-2015/3698/13 നമ്പർ കത്ത്. തീയതി: 22.01.2015
11. കോഴിക്കോട് ജില്ലാകളക്ടറുടെ എസ്5-22343/2014 നമ്പർ കത്ത്. തീയതി: 24.011.2015

*******

28.01.2015 മുതൽ 27.03.2015 വരെ തിരുവനന്തപുരം/കോഴിക്കോട് കേന്ദ്രങ്ങളിൽ വച്ച് നടക്കുന്ന ഹയർ സർവ്വെ പരിശീലനത്തിലേയ്ക്ക് സൂചന (1) പ്രകാരം ജീവനക്കാരെ നിയോഗിച്ചുത്തരവായിരുന്നു. ടി നടപടിക്രമത്തിലെ (30.01.2015 ലെ

നടപടിക്രമം) ക്രമ നമ്പർ (2) പ്രകാരമുള്ള ശ്രീ. പ്രവീൺ എസ്. നെ (കൊല്ലം ജില്ല) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടപ്പുമായി ബന്ധപ്പെട്ട് ജോലി നിർവ്വഹിക്കേണ്ടതുള്ളതിനാൽ പരിശീലനത്തിൽ നിന്നൊഴിവാക്കണമെന്ന് സൂചന (2) പ്രകാരം കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി നിർദ്ദേശിച്ചിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിൽ നിന്നും ശ്രീമതി. ആശ എസ്, ശ്രീമതി.സിന്ധു ആർ, ശ്രീമതി. ജലജകുമാരി എസ്. എന്നിവർ സമർപ്പിച്ച റീലിംഗ്വിഷ്മെന്റ് അപേക്ഷ സൂചന (4) പ്രകാരം തുടർ നടപടിയ്ക്കായി ഈ കാര്യാലയത്തിലേയ്ക്കയച്ചിട്ടുണ്ട്. ശ്രീമതി. സുധിമോൾ നിലവിൽ ആലപ്പുഴ ജില്ലയിൽ ജോലി ചെയ്യുന്നില്ലെന്ന വിവരവും ശ്രീമതി. എസ്. ഓമനയുടെ റീലിംഗ്വിഷ്മെന്റ് അപേക്ഷയും സൂചന (5) പ്രകാരം ഈ കാര്യാലയത്തിലേയ്ക്കയച്ചിട്ടുണ്ട്. ഹയർ സർവ്വെ പരിശീലനത്തിനായി എറണാകുളം ജില്ലയിൽ നിന്ന് നിയോഗിക്കപ്പെട്ട ശ്രീമതി. എൻ. ശ്രീകല, ശ്രീ.ഗോപകുമാർ എം.എസ്., ശ്രീ. രാജൻ പി.പി., ശ്രീ. അജയകുമാർ കെ.സി., ശ്രീമതി.രത്നമ്മ കെ.എം., ശ്രീ. സാജു ജോസഫ് (തിരുവനന്തപുരം കേന്ദ്രം) ശ്രീ. ജോസഫ് കെ.എക്സ്., ശ്രീ. നിഷാന്ത് മോഹൻ, ശ്രീ. ജെയിൻ എൻ.ജെ., ശ്രീമതി. എസ്. സരിത, ശ്രീമതി. എ.സ്. ഭാരതി, ശ്രീമതി. സൂസി സി.എം., ശ്രീ. എൻ.എസ്. ശ്രീകുമാർ (കോഴിക്കോട് കേന്ദ്രം) എന്നിവർ സമർപ്പിച്ച റീലിംഗ്വിഷ്മെന്റ് അപേക്ഷകൾ സൂചന (7) പ്രകാരവും, തൃശൂർ ജില്ലയിൽ നിന്നുള്ള ശ്രീ. സുരേഷ് എസ്.ആർ, ശ്രീ. കെ.എസ്. ലാലു എന്നിവർ സമർപ്പിച്ച അപേക്ഷകൾ സൂചന (8) പ്രകാരവും തുടർ നടപടിയ്ക്കായി ഈ കാര്യാലയത്തിലേയ്ക്കയച്ചിട്ടുണ്ട്. ശ്രീ. എൻ. അശോക് കുമാർ ഹയർ സർവ്വെ പരിശീലനം നേരത്തേ പൂർത്തീകരിച്ചിട്ടുള്ളതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ നിന്നുള്ള ശ്രീ. റ്റി. സുരേഷ്കുമാർ, ശ്രീ. ബി. അഫ്സൽ എന്നിവർ സമർപ്പിച്ച റീലിംഗ്വിഷ്മെന്റ് അപേക്ഷകൾ സൂചന (9) പ്രകാരം ലഭ്യമായിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ നിന്നുള്ള ശ്രീ. ഡി. രഞ്ജിത്, ശ്രീ. ചന്ദ്രൻ എൻ.പി. എന്നിവർ നേരത്തേ പരിശീലനം നേടിയിട്ടുള്ളവരാണെന്നും ആയത് സർവ്വീസ് ബുക്കിൽ ചേർക്കാൻ വിട്ടുപോയതാണെന്നും മാപ്പാക്കണമെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതിനൊപ്പം ശ്രീ. ഷാജി കെ.;റ്റി. വികലാംഗനാകയാൽ റീലിംഗ്വിഷ്മെന്റ് ഫാറം സമർപ്പിച്ചിട്ടുണ്ടെന്നും സൂചന (11) പ്രകരം കോഴിക്കോട് ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീമതി. കെ.ആർ. ഗീത, ശ്രീ. സാബു എ. എന്നിവർ സ്ഥലംമാറിപ്പോയിട്ടുള്ളതാണെന്നും ശ്രീ. ഉദയഭാനു ഇടുക്കി ജില്ലയിൽ ഡെപ്യൂട്ടേഷനിലാണെന്നും സൂചന (10) പ്രകരം കണ്ണൂർ ജില്ലാകളക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സൂചന (2) മുതൽ (11) വരെയുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പരാമർശ ജീവനക്കാരെ പ്രസ്തുത ഹയർ സർവ്വെ പരിശീലനത്തിൽ നിന്നൊഴിവാക്കിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ബന്ധപ്പെട്ട ജില്ലാകളക്ടർമാർ/ഉദ്യോഗസ്ഥർ ഹയർ സർവ്വെ പരിശീലനത്തിൽ നിന്നൊഴിവാക്കപ്പെട്ടവരുടെ സേവനപുസ്തകത്തിൽ ടി വിവരം രേഖപ്പെടുത്തേണ്ടതും റീലിംഗ്വിഷ്മെന്റ് സ്റ്റേറ്റ്മെന്റ് ടി പുസ്തകത്തിൽ പതിച്ച് വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)
ജോയിന്റ് കമ്മിഷണർ

കക്ഷികൾക്ക്
(ബന്ധപ്പെട്ട ജില്ലാകളക്ടർ മുഖാന്തിരം)

<u>പകർപ്പ്:</u>

1. സർവെ ഡയറക്ടർ,
   സർവ്വെയും ഭൂരേഖയും വകുപ്പ്,
   തിരുവനന്തപുരം
2. സർവെ അസിസ്റ്റന്റ് ഡയറക്ടർ,
   സെൻട്രൽ സർവെ ഓഫീസ്,
   തിരുവനന്തപുരം
3. സർവെ അസിസ്റ്റന്റ് ഡയറക്ടർ,
   സർവെ റേഞ്ച് ഓഫീസ്,
   കോഴിക്കോട്
4. ബന്ധപ്പെട്ട ജില്ലാകളക്ടർ
5. ഐ.ടി.സെൽ
6. കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സൂപ്രണ്ട്.

റ്റി6